
# പാലിന്റെ കഥ
# പശുവിന്റെ ഭാഷ



ഉല്പാദകരുടെ തലത്തിൽ
ശുചിത്വമുള്ള പാലിന്റെ
ഉല്പാദനം

ഗുണമേന്മയും പ്ലാന്റ് ഭരണ നിർവ്വഹണവും
നാഷണൽ ഡെയറി ഡെവലപ്മെൻറ് ബോർഡ്
ആനന്ദ്

# ആമുഖം

പാലുതരുന്ന പശുവിനെയോ എരുമയെയോ വീട്ടിൽ വളർത്തി പാൽ സഹകരണ സംഘത്തിൽ എത്തിച്ചതുകൊണ്ടു മാത്രം ഒരാളുടെ ഉത്തരവാദിത്തം തീരുന്നില്ല. ഇന്നു നമ്മുടെ രാജ്യം ക്ഷീരോല്പാദനത്തിന്റെ കാര്യത്തിൽ ലോകത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുകയാണ്. പക്ഷെ മാറിയ സാഹചര്യത്തിൽ പാൽ ശുചിത്വമുള്ളതും, വേഗം കേടുവരാത്തതും രോഗങ്ങൾ പരത്താത്തതും ആയിരിക്കണമെന്നത് നിർബന്ധമായി തീർന്നിരിക്കുകയാണ്. ഇങ്ങനെ ശുചിത്വമുള്ള പാലിൽ നിന്നും നല്ല ഉല്പന്നങ്ങളുണ്ടാക്കിയാൽ നമുക്കും നമ്മുടെ ഡെയറിക്കും ഗുണകരമാകും. ഇതിനുവേണ്ടി നമുക്കു പലതും ചെയ്യാൻ കഴിയും. ഉദാഹരണത്തിന് :

(1) മൃഗങ്ങളെ ശുചിത്വത്തോടെയും രോഗങ്ങളില്ലാതെയും പരിപാലിക്കുക.

(2) മൃഗങ്ങളെ സൂക്ഷിക്കുന്ന സ്ഥലം വൃത്തിയായും ശുചിയായും സൂക്ഷിക്കുക.

(3) അവയ്ക്ക് നല്ല ശുദ്ധജലം കുടിയ്ക്കാൻ നൽകുക.

(4) പാല് കറന്നെടുക്കാനും സൂക്ഷിച്ചു വയ്ക്കാനും സ്റ്റെയിൻലെസ് സ്റ്റീലിന്റെ ശുചിത്വമുള്ള പാത്രം ഉപയോഗിക്കുക.

(5) പാൽ കറക്കുന്നതിന് മുൻപ് കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക.

(6) അകിട് ശുദ്ധജലം കൊണ്ട് കഴുകിയശേഷം വൃത്തിയായി അലക്കിയ തുണികൊണ്ടു തുടയ്ക്കുക.

(7) പാല് കറന്നെടുക്കുന്നതിന് മുൻപ് ഓരോ മുലയിൽ നിന്നും ഒന്നോ രണ്ടോ തവണ പാൽ പിഴിഞ്ഞുകളയുക.

(8) പാൽ കറന്നെടുക്കുന്ന ആൾക്ക് വൃത്തിയും വെടിപ്പുമുണ്ടായിരിക്കണം, രോഗമില്ലാത്ത ആൾ ആയിരിക്കണം. ബീഡി, പുകയില, മുറുക്കാൻ തുടങ്ങിയവ പശുവിനെ കറക്കുന്ന സമയത്ത് ഉപയോഗിക്കുകയും അരുത്.

(9) കറവയുള്ള മൃഗങ്ങൾക്ക് പച്ചപ്പുല്ലു തിന്നാൻ കൊടുക്കണം.

(10) പാൽ കറന്നെടുത്ത ശേഷം പശുവിന്റെ അകിട് ശുദ്ധജലം കൊണ്ടു കഴുകിയിട്ട് അകിടുവീക്കം പോലെയുള്ള രോഗങ്ങൾ വരാതിരിക്കാൻ അകിട് അണുനാശക ലായനിയിൽ മുക്കണം.

(11) പാൽ അടച്ചു മൂടി സംഘത്തിൽ വേഗം എത്തിക്കണം.

(12) സാധിക്കുമെങ്കിൽ സംഘത്തിൽ പാൽ ശീതീകരിച്ചു വയ്ക്കണം. അങ്ങനെയായാൽ അതു കേടാകില്ല.

ഈ വക കാര്യങ്ങളിലെല്ലാം നമ്മൾ ശ്രദ്ധിക്കുകയാണെങ്കിൽ നാം സംഘത്തിൽ എത്തിക്കുന്ന പാലുകൊണ്ട് നമുക്കെല്ലാം ഏറെ പ്രയോജനം ലഭിക്കും. വരൂ, നമുക്കെല്ലാം ഒത്തുചേർന്ന് ശുചിത്വമുള്ള, നല്ല പാല് ഉല്പാദിപ്പിക്കുന്ന കർമ്മത്തിൽ ഏർപ്പെടാം.

ജനറൽ മാനേജർ
(ഗുണമേന്മയും പ്ലാന്റ് ഭരണ നിർവ്വഹണവും)
നാഷണൽ ഡെയറി ഡെവലപ്മെൻറ് ബോർഡ്
ആനന്ദ് - 388 001.

# പാലിന്റെ കഥ പശുവിന്റെ ഭാഷ

ഒരു സാധാരണ മലയോര ഗ്രാമമാണ് രാജ്നഗർ. അവിടെ ഒരു സാധാരണ ക്ഷീരകർഷകൻ ബൻവാരി വസിച്ചിരുന്നു. അയാൾക്ക് സ്നേഹമയിയായ ഭാര്യ രാധയും ഓമനത്തമുള്ള രണ്ടു കുട്ടികളും. ഒരു സന്തുഷ്ട കുടുംബം. സദാ കളിയും ചിരിയും സന്തോഷവും നിറഞ്ഞു നിൽക്കുന്ന കുടും ബാന്തരീക്ഷം. പങ്കപ്പാടുകളൊന്നു മില്ല, കാരണം അയാളുടെ പശു ഗംഗയും എരുമ ജമുനയും നിറയെ പാൽ തരും. അതയാൾ ഗ്രാമത്തിലെ സഹകരണ സംഘത്തിൽ കൊണ്ടു കൊടുക്കും. കുറെ വർഷങ്ങളായി അയാൾ സംഘത്തിലെ അംഗമാണ്. സംഘത്തിൽ പാലളക്കുന്നതുകൊണ്ട് ബൻവാരിക്ക് ആവശ്യത്തിന് വരുമാനമുണ്ട്. വീട്ടിൽ ഒന്നിനും ഒരു കുറവില്ല. തിന്നാനും കുടിക്കാനുമൊക്കെ ആവശ്യത്തിനുണ്ട്. കുട്ടികൾ ഗ്രാമത്തിലെ സ്കൂളിൽ പഠിക്കുന്നു. ഗ്രാമത്തിലെ ഉത്സവങ്ങൾക്കെല്ലാം ബൻവാരിയും കുടുംബവും മുൻപിലുണ്ട്. താനൊരു തികഞ്ഞ ഭാഗ്യവാനാണെന്നാണ് ബൻവാരിയുടെ വിശ്വാസം. തനിക്ക് ഗംഗയെപ്പോലെ ഒരു പശുവും ജമുനയെപ്പോലെ ഒരു എരുമയും ഉണ്ടല്ലോ. രാധയ്ക്കും കുട്ടികൾക്കും ഗംഗയെയും ജമുനയെയും ജീവനാണ്.



ബൻവാരിയുടെ സന്തുഷ്ട കുടുംബം


എന്നാൽ ഈ സന്തുഷ്ട കുടുംബത്തിൽ പെട്ടെന്നാണ് ദുഃഖം കരിനിഴൽ പരത്തിയത്. ഗംഗ പശുവിന് എന്തോ അസുഖം പിടിപെട്ടു. ബൻവാരി വീട്ടിൽത്തന്നെ കുറെ ചികിത്സയൊക്കെ ചെയ്തു. പക്ഷെ ഒരു പ്രയോജനവും ഉണ്ടായില്ല. പശുവിന്റെ പാൽ കുറയാൻ തുടങ്ങി, പാൽ കേടാകാനും. ബൻവാരിയുടെ ആദായവും കുറഞ്ഞു; വീട്ടിൽ നൂറു കൂട്ടം പ്രശ്നങ്ങൾ തലപൊക്കി. രാധ ഒരു ആയിരം തവണ വേണ്ടെന്നു പറഞ്ഞെങ്കിലും അതു കേൾക്കാതെ വേറെ ഗതിയില്ലെന്ന തോന്നലിൽ ഗംഗയെ വിൽക്കാൻ തന്നെ ബൻവാരി തീരുമാനിച്ചു.



ഗംഗക്ക് രോഗം, കുടുംബത്തിന് ദുഃഖം
വരുമാനം കുറവ്


അപ്പോൾ ഗ്രാമത്തിൽ കാലിച്ചന്ത നടക്കുന്ന സമയമായിരുന്നു. ഗംഗയെ ചന്തയിൽ കൊണ്ടുപോയി വിൽക്കാമെന്ന് ബൻവാരി തീരുമാനിച്ചു.

അടുത്ത ദിവസം ബൻവാരി ഗംഗയെയും കൊണ്ട് കാലിചന്തയിൽ പോകാൻ തയ്യാറായി. രാധയും കുട്ടികളും ഗംഗയെ കെട്ടിപ്പിടിച്ച് കരയാനും തുടങ്ങി. ബൻവാരിയുടെ കണ്ണും നിറഞ്ഞു. എങ്കിലും മനസ്സിന് ധൈര്യം നൽകി വീട്ടുകാരെയും ഒരുവിധം സമാധാനിപ്പിച്ച് ബൻവാരി ഗംഗയെയും കൊണ്ട് ചന്തയിലേയ്ക്ക് തിരിച്ചു.



ഗംഗയെ വിൽക്കാൻ ബൻവാരി ചന്തയിലേക്ക്

പാതി വഴിയെത്തിയപ്പോൾ അല്പം വിശ്രമിക്കാമെന്നു കരുതി ബൻവാരി ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്നു. അയാളുടെ മനസ്സും തളർന്നിരുന്നു. ഗംഗയുടെ നിറഞ്ഞ കണ്ണുകൾ കണ്ടപ്പോൾ ഒരു നെടുവീർപ്പിട്ടുകൊണ്ട് അയാൾ പറഞ്ഞു – ''എനിക്കു മാപ്പു തരൂ, ഗംഗേ.'' ആലോചനയിൽ മുഴുകിയിരുന്ന ബൻവാരി ഒരു ശബ്ദം കേട്ടു, ''ചേട്ടാ!''. തിരിഞ്ഞു നോക്കിയപ്പോൾ ഗംഗയുണ്ട് അയാളോട് സംസാരിക്കുന്നു. ''ചേട്ടാ, എന്നെ എന്റെ വീട്ടിൽ നിന്നും കൊണ്ടുപോകല്ലെ, എന്നെ വിൽക്കല്ലെ''. ബൻവാരിക്ക് വിശ്വാസം വന്നില്ല. സ്വപ്നം കാണുകയാണോ എന്നയാൾ സംശയിച്ചു. ഇതേ ചിന്തയിൽ അയാൾ ഗംഗയോടു സംസാരിക്കാൻ തുടങ്ങി. അയാൾ പറഞ്ഞു: ''ഞാൻ എന്തു ചെയ്യാനാ. തീരെ മനസ്സുണ്ടായിട്ടല്ല. വേറെ മാർഗ്ഗമില്ലാഞ്ഞിട്ടാണ്. നിന്റെ പാല് കുറഞ്ഞു. പോരാത്തതിന് പാലിന് കേടും. അതുകൊണ്ട് ഞങ്ങളുടെ വരുമാനം വളരെ കുറഞ്ഞു. വരുമാനം കൂട്ടാൻ നിന്നെ വിറ്റ് വേറെ പശുവിനെ വാങ്ങുകയല്ലാതെ മാർഗ്ഗമില്ല. എനിക്ക് നിന്നെ വിൽക്കാൻ വിഷമമുണ്ട്. പക്ഷെ നിന്റെ പാല് കുറയാനും പോരാത്തതിന് അതു കേടുവരാനും പാകത്തിന് നിനക്ക് എന്ത് രോഗമാണ് പിടിപെട്ടതെന്ന് ഒരു രൂപവുമില്ല.''



വഴിയിൽ വെച്ച് ഗംഗ ബൻവാരിയോട് സംസാരിക്കുന്നു

''പക്ഷെ ഇതിലെന്റെ തെറ്റെന്താണ് ?'' ഗംഗ ചോദിച്ചു.

ഒരു നെടുവീർപ്പിട്ടു കൊണ്ട് ബൻവാരി പറഞ്ഞു : ''ശരിയാണ് ഗംഗേ. ദൈവത്തിന്റെ ഇഷ്ടംപോലെ.''

ഗംഗ പറഞ്ഞു, ''ഇതിൽ ദൈവത്തിന് ഒരു കയ്യുമില്ല. ക്ഷമിക്കണം ചേട്ടാ, സത്യം പറഞ്ഞാൽ എല്ലാ തെറ്റും നിങ്ങളുടെയും രാധച്ചേച്ചിയുടെയുമാണ്. നിങ്ങൾക്കൊന്നും കന്നുകാലികളെ സംരക്ഷിക്കാനറിയില്ല.''


ബൻവാരി അത്ഭുതത്തോടെ ചോദിച്ചു, ''ഗംഗേ, നീയിതെന്താ ഈ പറയുന്നെ? ഞങ്ങൾ എത്ര തലമുറയായി കന്നുകാലികളെ വളർത്തുന്നതാണെന്ന് അറിയാമൊ?'' ഗംഗ പറഞ്ഞു, ''ഇതു മനസ്സിലാക്കിക്കാൻ ഞാൻ നിങ്ങൾക്കു പാലിന്റെ കഥ പറഞ്ഞു തരാം.''

ബൻവാരിക്ക് ഒന്നും തന്നെ മനസ്സിലായില്ല. അയാൾ ചോദിച്ചു, ''പാലിന്റെ കഥയോ?''

''അതെ. ശുചിത്വമുള്ള നല്ല പാല് കറന്നെടുക്കാനും പാലിന്റെ ഗുണമേന്മ കാത്തു സൂക്ഷിക്കാനും കന്നുകാലികളെ എങ്ങനെ സംരക്ഷിക്കണം ഇതെല്ലാമാണ് പാലിന്റെ കഥയിൽ.''

''ഈ കഥ നിനക്ക് ആരാണ് പറഞ്ഞുതന്നത്?'', ബൻവാരി അത്ഭുതത്തോടെ ചോദിച്ചു.

ഗംഗ പറഞ്ഞു, ''ഒരു ദിവസം പച്ചപ്പുല്ലു തിന്നാൻ ജമുനയും ഞാനും കൂടി പാടത്തു പോയിരുന്നു. അവിടെവച്ച് ഗൗരിയെന്നും പാരൊയെന്നും പേരുള്ള രണ്ടു പശുക്കളെയും ചമ്പയെന്നു പേരുള്ള ഒരു എരുമയെയും കണ്ടുമുട്ടി. അവയ്ക്ക് ഒരിക്കലും വലിയ അസുഖമൊന്നും പിടിപെട്ടിരുന്നില്ല, പാലിനും ഒരു പ്രശ്നവുമില്ലായിരുന്നു.''



ഗൗരിയും പാരൊയും ചമ്പയും കൂടി പാലിന്റെ കഥ ഗംഗക്കും ജമുനക്കും പറഞ്ഞു കൊടുക്കുന്നു

''അതെയോ !''

''അതേന്നേ. അവരുടെ ഉടമസ്ഥൻ ഡെയറി സയൻസ് പഠിച്ച ആളാത്രെ ! ഗൗരിയും പാരൊയും ചമ്പയും കൂടി അവരെ നോക്കുന്നതിന്റെയും പാല് കേടാകാതെ സൂക്ഷിക്കുന്നതിന്റെയും എല്ലാ കാര്യങ്ങളും പറഞ്ഞുതന്നു. ഞാൻ ആ കഥയാണ് നിങ്ങളെ കേൾപ്പിക്കാൻ പോകുന്നുത്.''

''അങ്ങനെയാണോ. എന്നാൽ പറ'', ബൻവാരി പറഞ്ഞു.

പാരൊ: സഹോദരിമാരേ, നിങ്ങളുടെ കഷ്ടപ്പാടു കണ്ടപ്പോൾ എനിക്ക് വല്ലാതെ സങ്കടം വരുന്നു. നിങ്ങളുടെ ഉടമസ്ഥൻ എങ്ങനെയാണ് നിങ്ങളുടെയും പാലിന്റെയും കാര്യത്തിൽ ശ്രദ്ധവയ്ക്കേണ്ടതെന്ന് ഞാനും ഗൗരിയും ചമ്പയും കൂടി പറഞ്ഞു തരാം.''

ചമ്പ : ഞങ്ങൾ പറയുന്നതു കാര്യമായി കേൾക്കണം, സ്വന്തം ഉടമസ്ഥനോട് പറയുകയും വേണം. ഞങ്ങൾ പറയുന്ന കാര്യങ്ങൾ അതുപോലെ ചെയ്താൽ നിനക്ക് ഒരിക്കലും രോഗം വരില്ല.

ഗൗരി : നിനക്ക് നല്ല പാലും നൽകാൻ കഴിയും. അതുവഴി നിന്റെ ഉടമസ്ഥന്റെ വരുമാനവും കൂടും.

ഗംഗ : സഹോദരിമാരേ, പറയൂ. ഞാനും ആഗ്രഹിക്കുന്നത് ഇതുതന്നെയാണ്.

ഗൗരി : എന്നാൽ ആദ്യം പാലിനെപ്പറ്റിത്തന്നെ കേൾക്കൂ. പശുവിനും എരുമയ്ക്കും നല്ല ആരോഗ്യമുണ്ടെങ്കിൽ അവയുടെ പാലിന് ഒരു ദോഷവും കാണില്ല.

ചമ്പ : പാലിന്റെ ഈ ഗുണമേന്മ നിലനിർത്തണമെങ്കിൽ കന്നുകാലികൾ, കാലിത്തൊഴുത്ത്, കാലികളെ നോക്കുന്നവർ, പാലു സൂക്ഷിക്കുന്ന പാത്രങ്ങൾ എല്ലാം ശുചിയായും വൃത്തിയായും സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെതന്നെ കറന്നെടുത്ത പാൽ ഉടൻ തന്നെ സംഘത്തിൽ എത്തിക്കുകയും വേണം. ഈ വക കാര്യങ്ങളിലൊന്നും ശ്രദ്ധിച്ചില്ലെങ്കിൽ പാലിൽ സൂക്ഷ്മാണുക്കൾ പെരുകും, പാൽ ചീത്തയാകും.

ജമുന : സൂക്ഷ്മാണുക്കളോ? ഞാൻ പാലിൽ ഒരു സൂക്ഷ്മ ജീവിയെയും ഇതുവരെ കണ്ടിട്ടില്ല.

ബാക്കിയുള്ളവരും : ശരിയാ. ഞങ്ങളും ഇതുവരെ കണ്ടിട്ടില്ല.

പാരൊ: കാരണമെന്താണെന്നോ, കണ്ണുകൊണ്ടു നോക്കിയാൽ കാണാൻ കഴിയാത്തത്ര ചെറുതാണ് സൂക്ഷ്മജീവികൾ. ഇവയെ ജീവാണുക്കൾ, ബാക്റ്റീരിയ എന്നും പറയും. സൂക്ഷ്മദർശിനി (മൈക്രോസ്കോപ്പ്) ഉപയോഗിച്ചു നോക്കിയാലെ അവയെ കാണാൻ കഴിയൂ. ഈ സൂക്ഷ്മാണുക്കളാണ് പാലിന്റെ ഗുണം കുറയ്ക്കുന്നത്.



സൂക്ഷ്മാണുക്കളെ കാണാനുള്ള സൂക്ഷ്മദർശിനി

ഗംഗ : അതായത് വൃത്തിയുടെയും ശുചിത്വത്തിന്റെയും നേരത്തെ പറഞ്ഞ എല്ലാ കാര്യങ്ങളും അനുസരിച്ചാൽ പാൽ നല്ലതായിരിക്കുമെന്നാണോ പറയുന്നത് ?

പാരൊ: സഹോദരി, നീ പറഞ്ഞത് എത്ര ശരി. ശുചിത്വവും ആരോഗ്യവുമുള്ള പശുവിന്റെയും എരുമയുടെയും പാൽ, പൂർണാരോഗ്യമുള്ള ആൾ വൃത്തിയായ പാത്രത്തിൽ കറന്നെടുക്കുകയും ചുറ്റുപാടുമുള്ള സ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കുകയും ചെയ്താൽ പാലിൽ സൂക്ഷ്മാണുക്കളുടെ എണ്ണം കുറവായിരിക്കും. അങ്ങനെയായാൽ പാലിൽ മണ്ണും പൊടിയും ഈച്ചയും ഒന്നും വീഴില്ല.

ചമ്പ : അങ്ങനത്തെ പാൽ അടച്ചുമൂടിയ പാത്രത്തിൽ സംഘത്തിൽ എത്തിക്കുകയാണെങ്കിൽ പാലിന്റെ ഗുണം അധിക സമയം നിലനിൽക്കും.

പാരൊ: ഈ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയായ വിധത്തിൽ പാലിച്ചില്ലെങ്കിൽ ഡെയറിയിൽ പാൽ എത്തുമ്പോഴേയ്ക്കും ഓരോ തുള്ളി പാലിലെയും സൂക്ഷ്മാണുക്കളുടെ എണ്ണം ദശ ലക്ഷങ്ങളായി വർദ്ധിക്കുമെന്നറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും.

ജമുന : എന്റമ്മോ !

ഗൗരി : ശരിയാണ്. ഈ സൂക്ഷ്മാണുക്കളുടെ എണ്ണം ഓരോ 15-20 മിനിറ്റു കൂടുമ്പോഴും ഇരട്ടിയായി കൂടിക്കൊണ്ടിരിക്കും. അപ്പോൾ പാലിന്റെ ഗുണവും വേഗത്തിൽ കുറഞ്ഞുകൊണ്ടിരിക്കും.


ജമുന : പക്ഷെ ശുചിത്വമുള്ള പാലുകൊണ്ട് നമ്മുടെ ഉടമസ്ഥന് എന്തു പ്രയോജനം?

ഗൗരി : പാല് ശുചിത്വമുള്ളതും നല്ലതുമാണെങ്കിൽ അതു കുടിക്കുന്നവർക്കും ആരോഗ്യമുണ്ടായിരിക്കും. അവർ അതേ ഡെയറിയിൽ നിന്നു തുടർന്നും പാൽ വാങ്ങിക്കും.

ചമ്പ : അങ്ങനത്തെ പാലുകൊണ്ട് പാലുല്പന്നങ്ങൾ ഉണ്ടാക്കിയാൽ അവയ്ക്ക് തികഞ്ഞ ഗുണവും രുചിയും ഉണ്ടാകും. അത്തരം സാധാനങ്ങൾ വേഗം കേടുവരില്ല. ഇതുകൊണ്ട് കന്നുകാലികളെ വളർത്തുന്നവരുടെയും ഡെയറിയുടെയും ആദായം വർദ്ധിക്കും.

ഗംഗ : ചേച്ചീ, പാൽ ശുചിയാക്കി വയ്ക്കാനുള്ള മാർഗ്ഗവും ഒന്നു പറഞ്ഞു തരൂ.

പാരൊ : അതിന് ആദ്യം വേണ്ടത് പശുവിന്റെയും എരുമയുടെയും ആരോഗ്യം ശ്രദ്ധിക്കുകയാണ് അവയെ സൂക്ഷിക്കുന്ന സ്ഥലം വൃത്തിയും വെടിപ്പുമുള്ളതായിരിക്കണം. നിന്നെ എവിടെയാണ് കെട്ടുന്നത് ?



വൃത്തിയും ആരോഗ്യവുമുള്ള മൃഗം

ജമുന : ഞങ്ങളെ കെട്ടുന്നത് വീടിന്റെ മുന്നിൽ വൃക്ഷത്തിലാണ്. പക്ഷെ കിടക്കുന്ന സ്ഥലം മൂത്രവും ചാണകവും വീഴുന്നതുകൊണ്ട് എപ്പോഴും വൃത്തികേടായിരിക്കും. അവിടെ ആരും വൃത്തിയാക്കാറുമില്ല. ഞങ്ങൾ ഞങ്ങളുടെ തന്നെ വൃത്തികേടിൽ കിടക്കും.


ചമ്പ : കിടക്കുന്ന സ്ഥലത്ത് ഉറപ്പുള്ള തറ ഉണ്ടായിരിക്കണം, സ്ഥലം വെളിച്ചവും വായു സഞ്ചാരവുമുള്ളതും വിശ്രമം നൽകുന്നതും ആയിരിക്കണം. അതോടൊപ്പം കുടിക്കാൻ നല്ല ശുദ്ധജലത്തിനുള്ള ഏർപ്പാടും വേണം.

ഗൗരി : ഈ സ്ഥലവും ചുറ്റുപാടുമുള്ള സ്ഥലങ്ങളും വൃത്തിയും വെടിപ്പുമുള്ളതായിരിക്കണം. പാൽ കറക്കുന്ന സ്ഥലത്ത് കാലിത്തീറ്റ കൂടിക്കിടക്കാൻ പാടില്ല.

പശുവിനെയോ എരുമയെയോ കെട്ടുന്ന സ്ഥലത്ത് ചുരുങ്ങിയത് മണ്ണ് കൊണ്ട് ഉറപ്പിച്ച ശുചിത്വമുള്ള തറയെങ്കിലും വേണം. സിമന്റ് തറ പണിയാമെങ്കിൽ അതാണുത്തമം.


ഗംഗ : ഇതിനും പുറമെ വേറെന്താ വേണ്ടത് ?

ഗൗരി : മൃഗങ്ങളെ കെട്ടുന്ന സ്ഥലം മൂത്രവും വെള്ളവുമൊക്കെ ചാലിൽക്കൂടെ ഒലിച്ചുപോയി ഏതെങ്കിലും കുഴിയിൽ പോയി വീഴാൻ സൗകര്യമുള്ളതായിരിക്കണം.



പശുവിനെയും എരുമയെയും കെട്ടുന്ന സ്ഥലം വൃത്തിയും വെടിപ്പുമുള്ളതും നിലം നല്ല ഉറപ്പിൽ പണിതതും വിശ്രാന്തി നൽകുന്നതുമായിരിക്കണം

പാറൊ : ചാണകം മൃഗങ്ങളിൽ നിന്നും ദൂരെ മാറ്റി കുഴിച്ച കുഴിയിലോ ഗോബർ ഗ്യാസ് പ്ലാന്റിലോ കൊണ്ടിടണം.



ചാണകം മൃഗങ്ങളിൽ നിന്നും ദൂരെമാറ്റി വളക്കുഴിയിലോ ഗോബർ ഗ്യാസ് പ്ലാന്റിലോ നിക്ഷേപിക്കണം

ഇത്രയും കഥ പറഞ്ഞു കേൾപ്പിച്ച് ഗംഗ നിശ്ശബ്ദയായി. ബൻവാരി ശ്രദ്ധയോടെ അവളുടെ കഥ കേൾക്കുകയായിരുന്നു. ബാക്കി കൂടി കേൾക്കാൻ അയാൾക്കു ധൃതിയായി. അയാൾ ഗംഗയോട് ചോദിച്ചു ''മുഴുവൻ കഥയും എനിക്കു പറഞ്ഞുതാ. പാറൊയും ഗൗരിയും ചമ്പയും കൂടി പിന്നെ എന്തെല്ലാം നിനക്കു പറഞ്ഞു തന്നു ?''

ഗംഗ പറഞ്ഞു, ''അവരെന്നോട് കുറെ കാര്യങ്ങൾ പറഞ്ഞു പക്ഷെ

ഇവിടെയിരുന്നാൽ നേരം സന്ധ്യയാകും. രാധച്ചേച്ചിയും കുട്ടികളും പരിഭ്രമിക്കും. വരൂ, നമുക്കു വീട്ടിൽ പോകാം. ബാക്കി കഥ ഞാൻ പോകുന്ന വഴിക്ക് പറഞ്ഞു തരാം''.

പറഞ്ഞത് ശരിയാണെന്ന് ബൻവാരിക്കും തോന്നി. അയാൾ ഗംഗയുടെ കെട്ടഴിച്ച് അവളെയും കൂട്ടി വീട്ടിലേയ്ക്കു നടന്നു. കുറച്ചു ദൂരം നടന്നപ്പോഴാണ് ഒരുകാര്യം അയാൾക്ക് ഓർമ്മവന്നത്. അയാൾ ഉടനെ നിന്നു, എന്നിട്ട് പറഞ്ഞു, ''അയ്യോ നമ്മൾ ചന്തയിലേയ്ക്ക് പോകുകയല്ലായിരുന്നോ?''



ബൻവാരി ഗംഗയെയും കൂട്ടി വീട്ടിലേയ്ക്ക് മടങ്ങുന്നു


വീട്ടിൽപ്പോകുന്നതിന്റെ ഉത്സാഹത്തിൽ തുള്ളിച്ചാടിയിരുന്ന ഗംഗയുടെ മനസ്സ് ഇതു കേട്ടപ്പോൾ തളർന്നുപോയി. അവൾ പറഞ്ഞു, ''ചേട്ടാ, ഞാൻ ഈ കഥ എന്തിനാണ് പറഞ്ഞു തന്നതെന്നറിയാമോ? നിങ്ങൾ എന്നെ ശരിയായ രീതിയിൽ നോക്കി സംരക്ഷിക്കുകയാണെങ്കിൽ എനിക്ക് ഒരിക്കലും രോഗം വരില്ല എന്നു പറയാനാണ്. മാത്രമല്ല ഞാൻ ശുചിത്വവും പോഷക ഗുണവുമുള്ള കൂടുതൽ പാൽ നൽകുകയും ചെയ്യും. അങ്ങനെ നിങ്ങളുടെ വരുമാനവും വർദ്ധിക്കും. എന്നിട്ടും നിങ്ങൾക്കെന്നെ ചന്തയിൽ കൊണ്ടുപോയി വിൽക്കണമെന്നുണ്ടോ?

ബൻവാരി കുറച്ചുനേരം ആലോചനയിൽ മുഴുകി, എന്നിട്ട് പറഞ്ഞു, ''ശരി, കുറച്ചു കാലം നീ പറഞ്ഞ രീതിയിൽ നിന്നെ സംരക്ഷിച്ചുനോക്കാം. നിന്റെ രോഗം മാറിയാൽ എക്കാലത്തേക്കുമായി നിന്നെ കൂടെ നിർത്തും. ശരി; അപ്പൊ ഇനി ബാക്കി കഥകൂടി പറയൂ.''

ഇതുകേട്ടപ്പോൾ ഗംഗക്ക് സന്തോഷമായി. അവൾ കഥ തുടർന്നു. ''ഇതിനുശേഷം ചമ്പയും പാരൊയും കൂടി പാൽ കറക്കുന്നവരുടെ കാര്യം പറഞ്ഞു.''

പാരൊ : പാൽ കറക്കുന്നവർക്ക് എന്തെങ്കിലും രോഗങ്ങളുണ്ടെങ്കിൽ ആ രോഗങ്ങളുടെ ഫലം പാലിലും കാണും.''

ചമ്പ : അതുകൊണ്ടു ആർക്കെങ്കിലും ജലദോഷം, ചുമ, പനി, ക്ഷയരോഗം, ചർമ്മ രോഗങ്ങൾ, പകർച്ച വ്യാധികൾ തുടങ്ങിയവ ഉണ്ടെങ്കിൽ, അല്ലെങ്കിൽ അവയുടെ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ, അവരെക്കൊണ്ട് പാൽ കറപ്പിക്കരുത്.



പാൽ കറന്നെടുക്കുന്നവർ വൃത്തിയും ശുചിത്വവുമുള്ളവരായിരിക്കണം

പാരൊ : മുറിവുകൾ, മുഖക്കുരു, വ്രണങ്ങൾ തുടങ്ങിയവ തുറന്നിരിക്കുകയാണെങ്കിൽ, അല്ലെങ്കിൽ കയ്യിൽ എന്തെങ്കിലും മുറിവുണ്ടെങ്കിൽ, അവ ശരിയായി മരുന്നു വച്ച് കെട്ടിയ ശേഷം മാത്രമെ പാൽ കറക്കുവാൻ പാടുള്ളൂ.

ചമ്പ : പാൽ കറന്നെടുക്കുന്നവർ നല്ല വൃത്തിയും വ്യക്തി ശുചിത്വവും ഉള്ളവരായിരിക്കണം. അവരുടെ വസ്ത്രങ്ങൾ കഴുകിയുണക്കിയവയും ശുചിത്വമുള്ളവയും ആയിരിക്കണം. പാൽ കറക്കുന്ന സമയത്ത് കറക്കുന്ന ആളോ ചുറ്റുപാടുമുള്ളവരോ തുമ്മുകയോ ചീറ്റുകയോ ഒന്നും അരുത്. ഇതേ കാരണം കൊണ്ടുതന്നെ അവിടെ മുറുക്കാൻ, പുകയില, ബീഡി-സിഗരറ്റ്, പാൻ മസാല തുടങ്ങിയവ ഉപയോഗിക്കുകയുമരുത്.

ഇതു കേട്ടപ്പോൾ ബൻവാരി പറഞ്ഞു : ''ശരിയാണ് ഗംഗേ. നമ്മളെല്ലാവരും ഈ തെറ്റുകൾ ചെയ്യുന്നുണ്ട്. ഇനി മുതൽ പാൽ കറക്കുമ്പോൾ ഇതെല്ലാം ശ്രദ്ധിച്ചോളാം.''


ഇത്രയും കഥ പറഞ്ഞും കേട്ടും ബൻവാരിയും ഗംഗയും വീട്ടിൽ തിരിച്ചെത്തി. ഗംഗ തിരിച്ചെത്തിയതു കണ്ട് രാധയും കുട്ടികളും വളരെ സന്തോഷിച്ചു. രാധ അത്ഭുതത്തോടെ ചോദിച്ചു ''അല്ലാ, ഗംഗയെ തിരിച്ചുകൊണ്ടുവന്നോ?'' രാത്രി ഭക്ഷണമെല്ലാം കഴിഞ്ഞ് എല്ലാവരും ഉറങ്ങാൻ കിടന്നപ്പോൾ ബൻവാരി രാധയ്ക്ക് ഗംഗ പറഞ്ഞ കഥ മുഴുവൻ വിസ്തരിച്ചു കൊടുത്തു. കഥ മുഴുവൻ കേട്ടപ്പോൾ രാധയ്ക്ക് ആശ്ചര്യം തോന്നി, സന്തോഷവും. അടുത്ത ദിവസം രണ്ടുപേരും ഗംഗയുടെ അടുത്തു പോയപ്പോൾ രാധ പറഞ്ഞു, ''ഗംഗേ, നിന്റെ ചേട്ടൻ പാലിന്റെ കഥ എന്നെയും പറഞ്ഞു കേൾപ്പിച്ചു. നീ ഇനി വിഷമിയ്ക്കണ്ട. നിന്റെ കൂട്ടുകാരികൾ പറഞ്ഞതുപോലെ തന്നെ ഇനി ഞങ്ങൾ നിന്റെ കാര്യങ്ങൾ നോക്കിക്കൊള്ളാം.''

ഗംഗക്ക് സന്തോഷം കൊണ്ടു കണ്ണു നിറഞ്ഞു. അവൾ പറഞ്ഞു, ''ചേച്ചി, എനിക്ക് ജീവിതകാലം മുഴുവൻ നിങ്ങളെ സേവിക്കണമെന്നുണ്ട്. എന്നാൽ ഞാനും ജമുനയും ആരോഗ്യത്തോടെയിരുന്ന് ശുചിത്വവും പോഷക ഗുണവും ഉള്ള ധാരാളം പാൽ തരുന്നതിന് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വേറെയുമുണ്ട്?''

രാധ ചോദിച്ചു : ''ഗംഗേ, ഞങ്ങൾ ഇനി വേറെ എന്തെല്ലാം കാര്യങ്ങളിലാണ് ശ്രദ്ധ വയ്ക്കേണ്ടത്?''


ഗംഗ പറഞ്ഞു, ''വീട്ടിലെ ഈച്ചകൾ നമ്മുടെ ശത്രുക്കളാണ്. ഈച്ചകളുടെ ശരീരത്തിൽ ലക്ഷക്കണക്കിന് ജീവാണുക്കൾ കാണപ്പെടുന്നു. ഇവ പല രോഗങ്ങളും പരത്തുന്നു, പാൽ കേടുവരുത്തുന്നു.''

രാധ ചോദിച്ചു : ''അങ്ങനെയാണോ? ഇതിന്റെ അർത്ഥം ഈച്ചകളിൽ നിന്നും പാലിനെ സംരക്ഷിച്ചാൽ മാത്രമെ പാൽ സംശുദ്ധമായിരിക്കൂ എന്നാണോ?''



ഒരു ഈച്ചയുടെ ശരീരത്തിൽ ഏകദേശം പതിനൊന്ന് ലക്ഷം ജീവാണുക്കൾ കാണപ്പെടുന്നു

ഗംഗ : അതെ, ഈച്ചകളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും പാൽ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. പശുവിന്റെയോ എരുമയുടെയോ ശരീരം മലിനമാണെങ്കിൽ



പാൽ കറക്കുന്നതിനു മുൻപ് പശുവിനെ തണുപ്പ് കാലത്ത് മാർദ്ദവമുള്ള ബ്രഷ് കൊണ്ട് ബ്രഷ് ചെയ്യുകയും ചൂടുകാലത്ത് വെള്ളം കൊണ്ട് കഴുകുകയും ചെയ്ത് വൃത്തിയാക്കണം

അതിൽ കോടിക്കണക്കിന് ബാക്റ്റീരിയ ഉണ്ടാകും.

ഈ കാരണം കൊണ്ട് പാൽ കറക്കുന്നതിനു മുൻപ് അതിനെ വൃത്തിയാക്കേണ്ടത് അത്യാവശ്യമാണ്. ചൂടുള്ള കാലത്ത് മൃഗങ്ങളെ വെള്ളം കൊണ്ട് കഴുകി വൃത്തിയാക്കണം. തണുപ്പുകാലത്ത് മാർദ്ദവമുള്ള ബ്രഷ് കൊണ്ട് തടവി ശുചിയാക്കണം. അങ്ങനെ ചെയ്താൽ രോമവും ബാക്റ്റിരിയയുമൊക്കെ മാറിക്കിട്ടും.

രാധ : ശരി. ഈ കാര്യം ഞാൻ ശ്രദ്ധിച്ചോളാം.

ഗംഗ : പാൽ ശുചിയായിരിക്കണമെങ്കിൽ പാത്രവും ശുചിയായിരിക്കണം. പാലിന്റെ പാത്രം സോപ്പുകൊണ്ടു കഴുകിയെടുക്കണം. പാത്രത്തിൽ മണ്ണും പൊടിയും ഒന്നും ഉണ്ടാകരുത്. കഴുകിയശേഷം വെള്ളം വാർന്നു പോകാൻ വൃത്തിയും വെടിപ്പുമുള്ള സ്ഥലത്ത് കമിഴ്ത്തി വയ്ക്കണം.

രാധ : ശരിയാണ്.

ഗംഗ : പശുവിന്റെയും എരുമയുടെയും അകിട് ശുദ്ധജലത്തിൽ കഴുകി വൃത്തിയായി കഴുകി ഉണക്കിയ തുണികൊണ്ട് തുടയ്ക്കണം.



പശുവിന്റെയും എരുമയുടെയും ഓരോ മുലയും ശുദ്ധജലത്തിൽ കഴുകി വൃത്തിയായി കുഴുകി ഉണക്കിയ തുണികൊണ്ടു തുടയ്ക്കണം


രാധ : പക്ഷെ ഞാൻ അങ്ങനെതന്നെയാണല്ലോ ചെയ്യുന്നത്.

ഗംഗ : നിങ്ങൾ സ്വന്തം സാരിയുടെ തലപ്പു കൊണ്ടല്ലെ അകിട് തുടയ്ക്കുന്നത് ? അത് മലിനമായിരിക്കാൻ സാദ്ധ്യതയുണ്ട്. പാൽ കറന്നെടുക്കുന്നതിനു മുൻപ് ഓരോ മുലയിൽ നിന്നും ഒന്നു രണ്ട് തവണ പാൽ പിഴിഞ്ഞുകളയണം. ഇങ്ങനെ ചെയ്യുന്നതു കൊണ്ട് മുലയിൽ അടിഞ്ഞു കൂടിയിട്ടുള്ള അണുക്കൾ പുറത്തുപോകും.



പാൽ കറന്നെടുക്കുന്നതിനു മുൻപ് ഓരോ മുലയിൽ നിന്നും ഒന്നോ രണ്ടോ തവണ പാൽ പിഴിഞ്ഞു കളയണം.

പാൽ കറക്കുന്നതിനു മുൻപ് കൈകൾ സോപ്പും വെള്ളവുമുപയോഗിച്ച് കഴുകുകയും വേണം. പാൽ കറക്കുന്നയാൾ സ്വന്തം വിരലുകൾ കറന്ന പാലിൻ തൊടാനൊ മുങ്ങാനോ ഇടകൊടുക്കരുത്. പശുവിന്റെ മുലയിൽ എണ്ണ പുരട്ടുകയും അരുത്.




പാൽ കറക്കുന്നതിനു മുൻപ് കൈകൾ രണ്ടും സോപ്പും വെള്ളവുമുപയോഗിച്ച് നന്നായി കഴുകണം



വിരലുകൾ കറന്ന പാലിൽ തൊടാനൊ മുങ്ങാനോ ഇടകൊടുക്കരുത്.


പാൽ കറക്കുമ്പോൾ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം അല്ലെങ്കിൽ വസ്ത്രം പാലിൽ മുട്ടാൻ അനുവദിക്കരുത്.

ബൻവാരി : അങ്ങനെയാണോ !

ഗംഗ : പശുവിന്റെ മുലയിന്മേൽ പാൽ ഒട്ടും ബാക്കി നിർത്തരുത്. പാൽ ബാക്കി നിന്നാൽ അതിൽ അണുക്കൾ വേഗം വളരും.

പാൽ കറന്ന ശേഷം ഓരോ മുലയും ശുദ്ധജലം കൊണ്ടു കഴുകണം.


അതിനു ശേഷം അണുനാശിനി ലായനിയിൽ (അയഡോഫോർ) മുക്കുകയും വേണം.




പാൽ കറന്ന ശേഷം ഓരോ മുലയും ശുദ്ധ ജലത്തിൽ കഴുകണം, അണു നാശിനി ലായനിയിൽ മുക്കണം


ബൻവാരി : സമ്മതിച്ചു, ഈ കാര്യവും ശ്രദ്ധിച്ചോളാം.

ഗംഗ : പാൽ കറന്നെടുക്കുകയും സംഘത്തിൽ കൊണ്ട് അളക്കുകയും ചെയ്യുന്ന പാത്രങ്ങൾ സ്റ്റെയിൻലസ് സ്റ്റീലിന്റേതായിരിക്കണം. അവയുടെ അടപ്പ് മുറുകി അടയുന്നതായിരിക്കണം. എന്നാൽ മാത്രമെ ഈച്ചയും മാലിന്യങ്ങളും മറ്റും പാലിൽ വീഴാതിരിക്കുള്ളു. പാൽ കഴിയും വേഗം സംഘത്തിൽ എത്തിച്ചാൽ പാൽ കേടാകാതിരിക്കും.



പാലിന്റെ പാത്രങ്ങൾ കഴുകിയ ശേഷം ഉണങ്ങാൻ കമിഴ്ത്തി വയ്ക്കണം


പാലിന്റെ കഥ കേട്ട ശേഷം ബൻവാരിയും രാധയും ഗംഗ പറഞ്ഞപോലെ കാര്യങ്ങൾ ചെയ്യാൻ തുടങ്ങി. ആദ്യം തന്നെ ഗംഗയുടെ ചികിത്സ ഡെയറിയിലെ മൃഗങ്ങളെ ചികിത്സിക്കുന്ന ഡോക്ടറെക്കൊണ്ട് നടത്തി. ശരിയായ ചികിത്സ കിട്ടിയപ്പോൾ ഗംഗയുടെ ആരോഗ്യം തിരിച്ചു കിട്ടി. രാധയാണെങ്കിൽ ഗംഗ പറഞ്ഞപോലെ എല്ലാ കാര്യങ്ങളും ശരിയായ രീതിയിൽ ചെയ്തു. ഗംഗയെയും ജമുനയെയും കെട്ടുന്ന സ്ഥലവും പരിസരങ്ങളും രാധയും കുട്ടികളും ചേർന്ന് വൃത്തിയാക്കി.



ഗംഗയെ ചികിത്സിപ്പിച്ചു, ഭേദമാക്കി. ബൻവാരിയു ടെ വീട്ടിൽ സന്തോഷം തിരിച്ചുവന്നു


ഇതെല്ലാമായപ്പോൾ ഗംഗയുടെ പാൽ നല്ലതായി, ധാരാളമായി പാൽ ലഭിക്കാനും തുടങ്ങി. ബൻവാരിയുടെ കുടുംബത്തിന്റെ വരുമാനം കൂടി, പഴയപോലെ കുടുംബത്തിൽ സുഖവും സന്തോഷവും നടമാടി. ബൻവാരിയും രാധയും മറ്റൊരു കറവപ്പശുവിനെക്കൂടി വീട്ടിൽ കൊണ്ടുവരാനുള്ള ആലോചനയിലാണിപ്പോൾ.

വൃത്തിയും ശുചിത്വവുമുള്ള,
ആരോഗ്യമുള്ള പശു




(1)

പശുവിനെ കെട്ടുന്ന വൃത്തിയും
വെടിപ്പുമുള്ള സ്ഥലം




(2)

കുടിയ്ക്കാൻ ശുദ്ധജലം




(3)

വൃത്തിയും ശുചിത്വവുമുള്ള
സ്റ്റെയിൽലസ് സ്റ്റീൽ പാത്രങ്ങൾ




(4)

പാൽ കറക്കുന്നതിനു മുൻപ് കൈകൾ
സോപ്പും ധാരാളം വെള്ളവുമുപ
യോഗിച്ച് വൃത്തിയായി കഴുകണം




(5)

പശുവിന്റെ അകിട് ശുദ്ധജലത്തിൽ
കഴുകി വൃത്തിയായി കഴുകി ഉണക്കിയ
തുണികൊണ്ടു തുടയ്ക്കണം.




(6)

പാൽ കറന്നെടുക്കുന്നതിനു മുൻപ്
ഓരോ മുലയിൽ നിന്നും ഒന്നോ രണ്ടോ
തവണ പാൽ പിഴിഞ്ഞു കളയണം




(7)

വൃത്തിയും വെടിപ്പുമുള്ള,
ആരോഗ്യമുള്ള പാൽ കറവക്കാരി




(8)

കറവയുള്ള പശുവിന് പച്ചത്തീറ്റ
കൊടുക്കണം



(9)

പാൽ കറന്ന ശേഷം മുലകൾ ശുദ്ധജലം
കൊണ്ട് കഴുകണം, അതിനുശേഷം
അണുനാശിനി ലായനിയിൽ മുക്കണം





(10)

പാലിന്റെ പാത്രം അടച്ചുമൂടി പാൽ
കഴിയും വേഗം സംഘത്തിൽ എത്തിക്കുക




(11)

പാൽ അതിവേഗം ശീതീകരിക്കുന്ന
യന്ത്രം



(12)

All rights reserved. No part of this publication may be reproduced in any form, electronic or mechanical
without prior written permission from National Dairy Development Board, Anand (India).



**നിങ്ങൾക്കറിയാമോ, സംഗീതത്തിന്റെ**
**മാന്ത്രിക ധ്വനികൾ കേൾക്കുമ്പോൾ**
**പശു കൂടുതൽ പാൽ ചുരത്തുന്നു.**

പുരാണങ്ങൾ പറയുന്നത് സംഗീതം
ഈശ്വരന്റെ അവതാരമാണെന്നാണ്.
ആയുർവ്വേദമാകട്ടെ മാരക രോഗങ്ങൾ
പോലും മാറ്റാനുള്ള കഴിവ്
സംഗീതത്തിനുണ്ടെന്ന് കരുതുന്നു.
പരീക്ഷണ നിരീക്ഷണങ്ങൾ കാണിക്കുന്നത്
മൃഗങ്ങൾ പോലും സംഗീതം
ആസ്വദിക്കുന്നുവെന്നാണ്.
പാട്ടു കേൾപ്പിച്ചാൽ പശുവിനും
എരുമയ്ക്കുമൊക്കെ വിശ്രാന്തിയും
സുഖവും അനുഭവപ്പെടുന്നു.
പശുവിനെ കറക്കുമ്പോൾ മധുര സംഗീതം
കേൾപ്പിക്കൂ, ഫലം അനുഭവിച്ചറിയൂ.

'Malayalam' version of the original 'Hindi' book "Doodh Ki Kahani, Gai Ki Zabani"
published by NDDB, Anand.